**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4230** **09-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഹയർ സെക്കണ്ടറി സ്‌കൂളുകളിൽ പുതിയ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2014-15, 2015-16 വർഷങ്ങളിൽ സർക്കാർ ഹയർ സെക്കണ്ടറി സ്‌കൂളുകളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളിൽ ഒരു ബാച്ചിൽ അൻപത് കുട്ടികളിൽ കുറവായതിനാൽ പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്ത എത്ര സ്‌കൂളുകൾ ഉണ്ടെന്ന് ബാച്ച് തിരിച്ച് നൽകുമോ; | (എ) | 2014-15 : 11 എണ്ണം 2015-16 : 15 എണ്ണം |
| (ബി) | നടപ്പ് വർഷം എസ്. എസ്. എൽ. സി. വിജയ ശതമാനം ഉയർന്ന നിലയിലായതിനാൽ കുറഞ്ഞത് അൻപത് കുട്ടികൾ പ്രവേശനം നേടുന്ന സർക്കാർ ഹയർ സെക്കണ്ടറി സ്‌കൂളുകളിലെ ബാച്ചുകളിൽ പുതിയ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ബി) | സ.ഉ.(സാധാ)നം.143/14/പൊ.വി.വ തീയതി 31.07.2014 പ്രകാരം തുടർച്ചയായ മൂന്ന് വർഷം മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ള (പ്ലസ് വണ്ണിനും പ്ലസ് ടുവിനും 50 കുട്ടികൾ വീതം) സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ഈ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | മലയോര, പിന്നാക്ക, പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലും പട്ടികജാതി പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്‌കൂളുകളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് അൻപത് കുട്ടികൾ വേണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | സ.ഉ.(സാധാ)നം.143/14/പൊ.വി.വ തീയതി 31.07.2014 പ്രകാരം തുടർച്ചയായ മൂന്ന് വർഷം മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ള (പ്ലസ് വണ്ണിനും പ്ലസ് ടുവിനും 50 കുട്ടികൾ വീതം) സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ഈ വ്യവസ്ഥയിൽ ഇളവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ